# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3306 — 09.04.2013 ൽ മറുപടിയ്ക്ക്

### ലാഭകരമല്ലാത്ത സ്ക്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ.രാജു<br>ശ്രീ. കെ. അജിത്<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) 2011-2012 വർഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം എത്ര; ഇതിൽ സർക്കാർ സ്കൂളുകളും, എയ്ഡഡ് സ്കൂളുകളും എത്ര വീതമാണ്; ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് ഇവയുടെ എണ്ണത്തിൽ എന്ത് വ്യത്യാസമാണ് ഉണ്ടായിട്ടുള്ളത്; | (എ) 2011-12 വർഷത്തിൽ സംസ്ഥാനത്ത് ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന 4614 സ്കൂളുകൾ ഉണ്ട്. ഇതിൽ 2271 സർക്കാർ സ്കൂളുകളും 2343 എയ്ഡഡ് സ്കൂളുകളും ഉണ്ട്. 2009-10 വർഷത്തിൽ 3962 സ്കൂളുകളും 2010-11 ൽ 4280 സ്കൂളുകളും 2011-12 വർഷത്തിൽ 4614 സ്കൂളുകളും ലാഭകരമല്ലാതെ പ്രവർത്തിക്കുന്നു. 2010-11 ൽ ലാഭകരമല്ലാത്ത സ്കൂളുകളുടെ എണ്ണം 318 ഉം 2011-12 ൽ ലാഭകരമല്ലാതെ സ്കൂളുകളുടെ എണ്ണം 334 ഉം വർദ്ധിച്ചിട്ടുണ്ട്. |
| (ബി) ലാഭകരമല്ലാത്ത സ്കൂളുകളിൽ എൽ.പി. ഉൾപ്പെടെ ഓരോ വിഭാഗത്തിലുംപെട്ട സ്കൂളുകൾ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ; | (ബി) 2011-12 വർഷത്തിൽ സർക്കാർ മേഖലയിൽ എൽ.പി. വിഭാഗത്തിൽ 1719 സ്കൂളും, യു.പി. വിഭാഗത്തിൽ 394 സ്കൂളും ഹൈസ്ക്കൂൾ വിഭാഗത്തിൽ 158 സ്കൂളും ആകെ 2271 സ്കൂളുകൾ സർക്കാർ മേഖലയിൽ ഉണ്ട്. കൂടാതെ എയ്ഡഡ് മേഖലയിൽ എൽ.പി. വിഭാഗത്തിൽ 1982 സ്കൂളുകളും, യു.പി. വിഭാഗത്തിൽ 313 സ്കൂളുകളും ഹൈസ്കൂൾ വിഭാഗത്തിൽ 48 സ്കൂളുകളും ആകെ 2343 സ്കൂളുകൾ എയ്ഡഡ് മേഖലയിലും ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്കൂളുകൾ ലാഭകരമല്ലാതാകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ച് പൂട്ടുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. കുടുംബാസൂത്രണ പദ്ധതി നടപ്പിലാക്കിയതോടുകൂടി ജനസംഖ്യയിൽ കുറവു വരുകയും സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്തതാണ് സ്ക്കൂളുകൾ ലാഭകരമല്ലാതായതിന് ഒരു കാരണം. കൂടാതെ സി.ബി.എസ്.സി/ഐ.സി.എസ്.ഇ. സ്കൂളുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും മറ്റൊരു കാരണമാണ്. |

സെക്ഷൻ ഓഫീസർ